**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത** **02.03.2020 ൽ മറുപടിക്ക്**

**ചോദ്യം നമ്പർ : 80**

**എമർജിംഗ് കേരള പദ്ധതി**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.ആർ. രാജേഷ് :** | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) | 2012 ൽ സംസ്ഥാനത്ത് നടത്തിയ എമർജിംഗ് കേരള പദ്ധതിയുടെ ലക്ഷ്യമെന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ; | (എ) | കേരളത്തിലെ നിക്ഷേപ സാധ്യതകളെക്കുറിച്ച് ദേശീയ അന്തർദേശീയ തലങ്ങളിൽ ശ്രദ്ധ ആകർഷിക്കുന്നതിനും പുതിയ വ്യവസായ സംരംഭങ്ങൾ കൊണ്ടു വരുന്നതിനും കൂടുതൽ നിക്ഷേപം ഉറപ്പാക്കുന്നതിനും ലക്ഷ്യം വച്ചാണ് 2012 ൽ എമർജിംഗ് കേരള നിക്ഷേപക സംഗമം നടത്തിയത്. |
| (ബി) | എത്ര കോടി രൂപയുടെ നിക്ഷേപമാണ് കേരളത്തിൽ ഇതിന്റെ ഭാഗമായി ലഭിച്ചത്; ഇപ്രകാരം ലഭിച്ച നിക്ഷേപത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | ഏകദേശം 32,137/- കോടി രൂപയുടെ നിക്ഷേപമാണ് പ്രസ്തുത സംഗമത്തിലൂടെ ലഭിച്ചത്. ഇതിൽ കെ.എസ്.ഐ.ഡി.സി. യുടെ നേരിട്ടുള്ള മേൽ നോട്ടത്തിലുള്ള 14 പദ്ധതികളുടെ ആകെ നിക്ഷേപം 2,334 കോടി രൂപയാണ്. |
| (സി) | എമർജിംഗ് കേരള പദ്ധതിയ്ക്കായി സർക്കാർ എത്ര രൂപ ചെലവഴിച്ചുവെന്നും ഏതെല്ലാം ആവശ്യങ്ങൾക്കായിട്ടാണ് പ്രസ്തുത തുക ചെലവഴിച്ചിട്ടുള്ളതെന്നും വിശദമാക്കുമോ; | (സി) | എമർജിംഗ് കേരള സംഘടിപ്പിക്കുന്നതിനായി കെ.എസ്.ഐ.ഡി.സി. മുഖേന 19.73 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. പരസ്യം, ഗതാഗതം, ഭക്ഷണക്രമീകരണം, സംഗമത്തിന്റെ നടത്തിപ്പ്, മറ്റ് അനുബന്ധ ചെലവുകൾ എന്നീ വിഭാഗങ്ങളിലാണ് ചെലവഴിക്കപ്പെട്ടത്. |
| (ഡി) | എത്ര നിക്ഷേപകർ പ്രസ്തുത പരിപാടിയിൽ പങ്കെടുത്തുവെന്ന് വ്യക്തമാക്കുമോ; എത്ര ദിവസമാണ് പരിപാടി സംഘടിപ്പിച്ചതെന്ന് വിശദമാക്കുമോ? | (ഡി) | വ്യവസായം, ഐ.ടി. കൃഷി, ഊർജ്ജം, ആരോഗ്യം, സയൻസ് & ടെക്നോളജി, ഉന്നതവിദ്യാഭ്യാസം, തുറമുഖം, മാലിന്യസംസ്കരണം തുടങ്ങിയ മേഖലകളിൽ നിന്നും നിക്ഷേപം നടത്തുന്നതിനായി ഏകദേശം 6000 ത്തോളം നിക്ഷേപകർ പ്രസ്തുത സംഗമത്തിൽ സംബന്ധിച്ചിരുന്നു. 2012 സെപ്റ്റംബർ 12 മുതൽ 14 വരെ കൊച്ചിയിൽവച്ചാണ് എമർജിംഗ് കേരള സംഘടിപ്പിച്ചത്. |

**സെക്ഷൻ ഓഫീസർ**